REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-10-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാജസ്ഥാനിൽ ഓടിക്കൊണ്ടിരുന്ന AC സ്ലീപ്പർ ബസിന് തീപിടിച്ച് 20 യാത്രക്കാർ മരിച്ച സംഭവത്തിൽ രാഷ്ട്രപതിയും പ്രധാനമന്ത്രിയും അനുശോചനം അറിയിച്ചു.**
- **ബീഹാറിൽ NDA യുടെ തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും.**
- **തിരുവനന്തപുരത്തെ CSIR-NIIST സുവർണ്ണ ജൂബിലി ആഘോഷ സമാപന സമ്മേളനത്തിൽ കേന്ദ്രസഹ മന്ത്രി ജിതേന്ദ്ര സിംഗ് ഇന്ന് മുഖ്യാതിഥിയാകും.**
- **കോഴിക്കോട് ബാലുശ്ശേരിയിൽ 870 കോടി രൂപയുടെ സ്വകാര്യ നിക്ഷേപത്തിന് നടപടികളാരംഭിച്ചതായി മന്ത്രി P രാജീവ്.**
- **ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ശ്രീലങ്ക - ന്യൂസിലാന്റ് മത്സരം മഴയെ തുടർന്ന് ഉപേക്ഷിച്ചു.**

## വാർത്തകൾ വിശദമായി

രാജസ്ഥാനിലെ ജയ്സാൽമീർ-ജോധ്പൂർ ഹൈവേയിൽ ഓടിക്കൊണ്ടിരുന്ന AC സ്ലീപ്പർ ബസിന് തീപിടിച്ച് 20 യാത്രക്കാർ മരിച്ച സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ദുഃഖവും വേദനയും അറിയിച്ചു. 19 പേർ സംഭവ സ്ഥലത്തും ഒരാൾ ആശുപത്രിയിലുമാണ് മരിച്ചത്. ജോധ്പൂരിലേക്ക് പോവുകയായിരുന്ന ബസാണ് അപകടത്തിൽപെട്ടത്.

ഡെസ്ക് റിപ്പോർട്ട്.....

...........വോയ്സ്...........

ഇന്നലെ ഉച്ചകഴിഞ്ഞ് മൂന്നരയോടെയായിരുന്നു ദുരന്തം. ബസിലെ ഷോർട്ട് സർക്യൂട്ടാണ് അപകട കാരണമെന്നാണ് നിഗമനം. സംഭവത്തിൽ അന്വേഷണം ആരംഭിച്ചു. 15 യാത്രക്കാർക്ക് സാരമായി പൊള്ളലേറ്റു. അപകട സമയത്ത് 50-ലേറെ പേർ വാഹനത്തിലുണ്ടായിരുന്നു.

മരിച്ചവരുടെ ബന്ധുക്കൾക്ക് കേന്ദ്രഗവണ്മെന്റ് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും ധനസഹായം പ്രഖ്യാപിച്ചു.

മരിച്ചവരെ തിരിച്ചറിയാൻ DNA പരിശോധന നടത്തുമെന്ന് രാജസ്ഥാൻ ഗവൺമെന്റ് അറിയിച്ചു. മുഖ്യമന്ത്രി ഭജൻ ലാൽ ശർമ്മ അപകട സ്ഥലം സന്ദർശിച്ചു. ആശുപത്രിയിൽ എത്തിയ മുഖ്യമന്ത്രി പരിക്കേറ്റ എല്ലാവർക്കും വൈദ്യസഹായം ഉറപ്പാക്കാൻ നിർദ്ദേശം നൽകി.

✪✪✪

ബീഹാറിൽ NDA യുടെ തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾക്ക് പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും. പാർട്ടിയുടെ ബൂത്ത് ലെവൽ പ്രവർത്തകരുമായി മോദി സംവദിക്കും. ബിഹാറിൽ BJP-NDAയുടെ വിജയം ഉറപ്പാക്കാൻ പാർട്ടിയുടെ സമർപ്പിതരായ പ്രവർത്തകർ പൂർണ്ണ ഊർജ്ജത്തോടെ പ്രവർത്തിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

243 അംഗ ബീഹാർ നിയമസഭയിലേക്ക് അടുത്ത മാസം 6 നും 11 നും രണ്ട് ഘട്ടങ്ങളിലായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ നവംബർ 14 നാണ്.

✪✪✪

ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് സ്വകാര്യ മേഖലക്ക് ഉൾപ്പെടെ ഗവണ്മെന്റ് ധനസഹായം നൽകുന്നത് യുവജനങ്ങൾക്ക് ഗവേഷണത്തിനും സാങ്കേതിക വിദ്യാധിഷ്ഠിത സ്റ്റാർട്ടപ്പുകളിലേക്ക് കടക്കാനും അന്തരീക്ഷം ഒരുക്കിയതായി കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. രാജ്യത്തെ മികച്ച അവസരങ്ങൾ, യുവജനങ്ങൾ മറ്റ് രാജ്യങ്ങളിലേക്ക് പോകുന്നതിനെ തടയാൻ സഹായിക്കുമെന്നും അവർ അഭിപ്രായപെട്ടു. ധാർവാഡ് IIT-യിൽ ധാർതി ബയോനെസ്റ്റ് ഇൻകുബേഷൻ സെന്റർ ഉദ്ഘാടനം ചെയ്ത ശേഷം വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

✪✪✪

അമേരിക്കയിലേക്ക് അന്താരാഷ്ട്ര തപാൽ സേവനങ്ങൾ ഇന്ത്യ ഇന്ന് പുനരാരംഭിക്കും. ഇതിനാവശ്യമായ ആധുനിക സംവിധാനം ഏർപ്പെടുത്തിയതായി കമ്മ്യൂണിക്കേഷൻസ് മന്ത്രാലയം അറിയിച്ചു. US

കസ്റ്റംസിന്റെ നിയന്ത്രണ സംവിധാനങ്ങളെ തുടർന്നാണ് തപാൽവകുപ്പ് അമേരിക്കയിലേക്ക് താൽകാലികമായ തപാൽസേവനം നിർത്തി വെച്ചത്.

✪✪✪

തിരുവനന്തപുരത്തെ CSIR-NIIST സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ കേന്ദ്രസഹ മന്ത്രി ജിതേന്ദ്ര സിംഗ് ഇന്ന് മുഖ്യാതിഥിയാകും. ക്യാംപസിൽ നിർമ്മിച്ച സുവർണ ജൂബിലി ഇന്നൊവേഷൻ സെന്റർ, നോഡൽ-ഹബ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് ലബോറട്ടറി എന്നിവയും കേന്ദ്രസഹ മന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

വിഷൻ 2031 ന്റെ ഭാഗമായി ഗതാഗത വകുപ്പിന്റെ വികസന ലക്ഷ്യങ്ങൾ എന്ന സംസ്ഥാനതല സെമിനാർ രാവിലെ തിരുവല്ലയിൽ ആരംഭിക്കും. ബിലിവേഴ്സ് കൺവെൻഷൻ സെന്ററിലെ സെമിനാറിൽ മന്ത്രി KB ഗണേഷ് കുമാർ 'വിഷൻ 2031' അവതരിപ്പിക്കും. മന്ത്രി വീണാ ജോർജ് ചടങ്ങിൽ മുഖ്യാതിഥിയാകും.

✪✪✪

കേരളം, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽ സൈബർ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് CBI ഏതാനും കേന്ദ്രങ്ങളിൽ റെയ്ഡ് നടത്തി. ഓൺലൈൻ പാർട്ട് ടൈം ജോലി, നിക്ഷേപ വാഗ്ദാനം എന്നിവയിലൂടെ വൻ സൈബർ തട്ടിപ്പ് നടത്തിയ മൂന്ന് പേരെ അറസ്റ്റ് ചെയ്തു. ഓപ്പറേഷൻ ചക്ര - 5ന്റെ ഭാഗമായിരുന്നു റെയ്ഡ്. കോടിക്കണക്കിന് രൂപ ഇവർ തട്ടിയെടുത്തതായാണ് റിപ്പോർട്ട്. ബംഗലൂരു കേന്ദ്രീകരിച്ച് ഇല്ലാത്ത കമ്പനികളുടെ പേരിലായിരുന്നു തട്ടിപ്പ്. ഏതാനും വിദേശികളും ഇതിന് പിന്നിലുണ്ടെന്ന് CBI അറിയിച്ചു. ഡിജിറ്റൽ പരസ്യങ്ങൾ നൽകി ഇല്ലാത്ത പദ്ധതികൾ പ്രചരിപ്പിച്ചായിരുന്നു വൻ തുക നേടിയെടുത്തത്.

✪✪✪

മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുമെന്ന് മന്ത്രി സജി ചെറിയാൻ തിരുവനന്തപുരത്ത് അറിയിച്ചു. തൊഴിലാളികൾ ക്ഷേമനിധിയിൽ അടച്ച അംശദായവും, ഗവൺമെന്റ് വിഹിതവും ചേർത്താണ് വിരമിക്കൽ ആനുകൂല്യം നൽകുന്നത്. 67,000 പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. ഈ മാസം 30നകം ആനൂകൂല്യത്തിന് അർഹരായ അംഗങ്ങളെ കണ്ടെത്തും.

✪✪✪

കോഴിക്കോട് ബാലുശ്ശേരിയിൽ 870 കോടി രൂപയുടെ സ്വകാര്യ നിക്ഷേപത്തിന് നടപടികളാരംഭിച്ചതായി മന്ത്രി P രാജിവ് അറിയിച്ചു. അമ്യൂസ്മെന്റ് പാർക്ക്, ദേശീയ സർവ്വകലാശാലകളുടെ സ്പോർട്ട്സ് ഇന്റഗ്രേറ്റഡ് വിദ്യാഭ്യാസ പാർക്ക്, വെൽനസ് ഹബ്ബ് എന്നിവ ഉൾപ്പെടുന്ന പദ്ധതിയാണ് കോട്ടൂർ വില്ലേജിലെ 96 ഏക്കറിൽ വിഭാവനം ചെയ്യുന്നത്.

പദ്ധതിയുടെ വിശദ റിപ്പോർട്ടും ഏകജാലക അനുമതി അപേക്ഷയും ഗവൺമന്റിന് ലഭിച്ചിട്ടുണ്ട്. പദ്ധതിക്ക് എല്ലാ പിന്തുണയും നൽകുമെന്ന് ഗവൺമെന്റ് ഉറപ്പ് നൽകിയതായും മന്ത്രി പറഞ്ഞു. 2000 തൊഴിലവസരങ്ങൾ നേരിട്ടും, അതിലേറെ തൊഴിലുകൾ പരോക്ഷമായും ലഭിക്കുമെന്നാണ് വിലയിരുത്തലെന്ന് മന്ത്രി പറഞ്ഞു.

✪✪✪

കേരളത്തിലെ മുഴുവൻ കൃഷിഭവനുകളേയും ഘട്ടങ്ങളായി സ്മാർട്ട് ഓഫീസുകൾ ആക്കി മാറ്റുമെന്ന് മന്ത്രി P പ്രസാദ് അറിയിച്ചു. കോഴിക്കോട് കോട്ടൂർ, മാവൂർ, പനങ്ങാട് ഗ്രാമപഞ്ചായത്തുകളിലെ സ്മാർട്ട് കൃഷിഭവനുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മാവൂരിൽ കേരഗ്രാമം പദ്ധതിയും മന്ത്രി ഉദ്ഘാടനം ചെയ്തു. ബാലുശ്ശേരി മണ്ഡലത്തിലെ 'മഞ്ഞൾ ഗ്രാമം' പദ്ധതിയിൽ ഉൽപാദിപ്പിക്കുന്ന മഞ്ഞൾ കൃഷിവകുപ്പ് ഏറ്റെടുക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

പഞ്ചായത്തുകൾ വഴിയാണ് നാട്ടിൽ ജനാധിപത്യം പുലരുന്നതെന്നും വികസനം സാധ്യമാകുന്നതെന്നും മന്ത്രി OR കേളു അഭിപ്രായപ്പെട്ടു. കണ്ണൂർ പേരാവൂർ ഗ്രാമപഞ്ചായത്ത് കല്ലടിക്കോറയിൽ നിർമ്മിച്ച ദുരന്ത നിവാരണ ഷെൽറ്റർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ശ്രീലങ്ക - ന്യൂസിലാന്റ് മത്സരം മഴയെ തുടർന്ന് ഉപേക്ഷിച്ചു. ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക, ന്യൂസിലാന്റിന് 259 റൺസ് വിജയലക്ഷ്യം നിർണയിച്ചെങ്കിലും മഴ മൂലം ഒരു ബോൾ പോലും എറിയാനാകാതെ മത്സരം അവസാനിപ്പിക്കുകയായിരുന്നു. ഇന്ന് കൊളംബോയിൽ ഇംഗ്ലണ്ട് , പാകിസ്ഥാനെ നേരിടും.

✪✪✪

കോഴിക്കോട് റവന്യൂ ജില്ലാ സ്കൂൾ കായികമേള ഇന്ന് ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിൽ തുടങ്ങും. 17 ഉപജില്ലകളിൽ നിന്ന് 90 ഇനങ്ങളിൽ നാലായിരത്തോളം താരങ്ങൾ പങ്കെടുക്കും. മേള തോട്ടത്തിൽ രവീന്ദ്രൻ MLA ഉദ്ഘാടനം ചെയ്യും.

✪✪✪

കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റായി P നിഖിലിനെയും, വൈസ് പ്രസിഡന്റായി ഡോ. V റോയ് ജോണിനേയും, സംസ്ഥാന കൗൺസിൽ പ്രതിനിധിയായി TM അബ്ദുറഹ്മാനെയും തെരഞ്ഞെടുത്തു. ജില്ലാ റോവിങ് അസോസിയേഷൻ പ്രതിനിധിയായാണ് നിഖിൽ പ്രസിഡന്റ് സ്ഥാനത്തെത്തിയത്.

✪✪✪

കണ്ണൂർ നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി മേൽപാലം നിർമ്മാണത്തിന് പ്രാരംഭ പ്രവൃത്തി ആരംഭിച്ചു. തളാപ്പ് മുതൽ കടകളുൾപ്പെടെ കെട്ടിടങ്ങൾ പൊളിച്ചു തുടങ്ങി.

കണ്ണൂരിൽ നിന്ന് KO ശശിധരൻ....

......വോയ്സ്.......

തളാപ്പിലെ കരിമ്പ് ഗവേഷണ കേന്ദ്രം മുതൽ ചേമ്പർ ഹാൾ വരെ ഒരു കിലോമീറ്റർ നീളത്തിലാണ് മേൽപ്പാലം നിർമ്മിക്കുക . 11 മീറ്ററോളം വീതിയുള്ള മേൽപ്പാലത്തിന്റെ താഴെ ഇരുവശത്തും നടപ്പാതയോട് കൂടിയ 7.5 മീറ്റർ കാര്യേജ് വേയും ഉണ്ടാകും . 255 കോടിയിലധികം രൂപ ചെലവഴിച്ചാണ് നിർമ്മാണം . 205 സെന്റ് സ്ഥലത്തെ കെട്ടിടങ്ങളാണ് പൊളിച്ചു മാറ്റേണ്ടത്. ടെണ്ടർ നടപടികൾ പൂർത്തിയാക്കിയവ പൂർണമായും പൊളിച്ചു നീക്കി. ശേഷിക്കുന്നവ ഘട്ടങ്ങളായി ടെണ്ടർ ചെയ്ത് പൊളിച്ചു മാറ്റും . റോഡരികിലെ മരങ്ങളും ഉടൻ മുറിച്ചു മാറ്റും.

✪✪✪

ഇന്ന് അന്താരാഷ്ട്ര വൈറ്റ് കെയിൻ ദിനം. കാഴ്ച നഷ്ടമായവരുടെ പ്രശ്നങ്ങളിലേക്ക് സമൂഹത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നതിനാണ് എല്ലാ വർഷവും ഒക്ടോബർ 15 വൈറ്റ് കെയിൻ ദിനമായി ആചരിക്കുന്നത്. കോഴിക്കോട്ട് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് 150 പ്രതിനിധികളുടേയും സഹായികളുടേയും വൈറ്റ് കെയിൻ റാലി സംഘടിപ്പിക്കും.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം,

എറണാകുളം, ഇടുക്കി ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കേരള-ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ഈ മാസം 18 വരെ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശം നൽകി.

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി നാളെ രാത്രി വരെ തിരുവനന്തപുരം, കൊല്ലം തീരങ്ങളിൽ കടലാക്രമണത്തിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ഇടുക്കി അടിമാലിയിൽ ഇന്നലെ വൈകിട്ട് ഉണ്ടായ ശക്തമായ മഴയിൽ വീട്ടിലേക്ക് മണ്ണിടിഞ്ഞ് വീണ് അപകടത്തിൽപ്പെട്ട യുവാവിനെ പൊലീസും ഫയർഫോഴ്സും നാട്ടുകാരും ചേർന്ന് രക്ഷപ്പെടുത്തി. ചൂരക്കെട്ടൻകുടി മാങ്കോഴിക്കൽ അരുണാണ് അപകടത്തിൽപ്പെട്ടത്. അടിമാലിയിൽ ഇന്നലെ രാത്രി ആരംഭിച്ച മഴ രാത്രി വൈകിയും ശക്തമായി തുടർന്നു. ചാറ്റുപാറ ഈസ്റ്റേൺ കമ്പനിക്ക് സമീപം ഒട്ടേറെ വീടുകളിൽ വെള്ളം കയറി. വീട്ടുകാരെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി.

✪✪✪

കണ്ണൂർ പുതിയങ്ങാടിയിൽ പാചകവാതക സിലിണ്ടറിൽ നിന്ന് തീ പടർന്ന് പൊള്ളലേറ്റ് ചികിത്സയിലായിരുന്ന രണ്ടു പേർ കൂടി മരിച്ചു. ഒഡീഷ മത്സ്യത്തൊഴിലാളികളായ ശിബ ബഹ്റ, നിഗം ബഹ്റ എന്നിവരാണ് ഇന്നലെ മരിച്ചത്. ഇതോടെ മരണ സംഖ്യ മൂന്നായി. കഴിഞ്ഞ വെള്ളിയാഴ്ച ഉണ്ടായ അപകടത്തിൽ നാല് പേർക്ക് പൊള്ളലേറ്റിരുന്നു.

✪✪✪

അയ്യപ്പ സംഗമം നടത്തുകയും അതേ സമയം ശബരിമലയിൽ സ്വർണക്കൊള്ളക്ക് കൂട്ട് നിൽക്കുകയും ചെയ്യുന്ന ഗവൺമെന്റിന്റെ കാപട്യം ജനങ്ങൾ തിരിച്ചറിയുമെന്ന് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗം K. സുധാകരൻ പറഞ്ഞു. KPCCയുടെ നേതൃത്വത്തിൽ K മുരളീധരൻ നയിക്കുന്ന വിശ്വാസ സംരക്ഷണയാത്രക്ക് കണ്ണൂർ ടൗൺസ്ക്വയറിൽ ഒരുക്കിയ സ്വീകരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു സുധാകരൻ.

✪✪✪

താനൂർ ബോട്ടപകടം അന്വേഷിക്കുന്ന ജസ്റ്റിസ് VK മോഹനൻ കമ്മീഷൻ ഇന്ന് കോഴിക്കോട് ജില്ലയിൽ ഹിയറിംഗ് നടത്തും. രാവിലെ എലത്തൂർ പഞ്ചായത്ത് ഓഡിറ്റോറിയത്തിലും ഉച്ചകഴിഞ്ഞ് ബേപ്പൂർ പോർട്ട് ഓഫീസിലുമാണ് ഹിയറിംഗ്.

✪✪✪

മാഹി സെയ്ന്റ് തെരേസ ബസിലിക്കയിലെ തിരുനാൾ ആഘോഷത്തിന്റെ ഭാഗമായി പുലർച്ചെ ശയനപ്രദക്ഷിണം ആരംഭിച്ചു. രാവിലെ മുതൽ തുടർച്ചയായ ദിവ്യബലികളുണ്ടാകും.

✪✪✪

*News Editor : അനിൽ ചന്ദ്രൻ*
*News Reader: നിമിഷ ജി*
*NRTs: സാലീം*
*DEO : സി കെ സുബോധ്*